# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 21

10-06-2013 ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. റ്റി.എൻ.പ്രതാപൻ :<br>ശ്രീ. വി.ഡി.സതീശൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) എക്സൈസ് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | ബി) എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, ചെക്ക്പോസ്റ്റുകളിലെ വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, എക്സൈസ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, എക്സൈസ് അക്കാഡമിയുടെ നവീകരണം, ഉന്നത നിലവാരത്തിലുള്ള വിനിമയ ശൃംഖല സ്ഥാപിക്കുക, വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദവും, കാര്യക്ഷമവും, വേഗത്തിലും ആക്കുന്നതിന് ഈ-ഗവേർണൻസ് പദ്ധതി നടപ്പാക്കുക, ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ശുദ്ധമായ കള്ള് / മദ്യം മാത്രമേ ലഭിക്കുന്നുള്ളു എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുക, കെമിക്കൽ പരിശോധനാ ഫലങ്ങൾ വേഗത്തിൽ ലഭ്യമാക്കുക, എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ വാഹനങ്ങൾ നൽകുക എന്നിവയാണ്. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; | സി) പോലീസ് (ടെലികമ്മ്യൂണിക്കേഷൻ വിംഗ്) വകുപ്പ്, ഐ.ടി ഡിപ്പാർട്ട്മെന്റ്, ഐ.ടി.മിഷൻ, കെൽട്രോൺ എന്നീ വകുപ്പുകളാണ് / ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്. |
| ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) (1) **മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് :-** തിരുവനന്തപുരം ജില്ലയിൽ ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് തുടങ്ങുന്നതിനായി അനുമതി നൽകുകയും, ആയതിലേയ്ക്കായി ഒരു മിനി ബസ് വാങ്ങുകയും, ടി ബസ്, ലാബിനായി സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. കൂടാതെ, എറണാകുളം, കോഴിക്കോട് ജില്ലകൾക്ക് കൂടി ഓരോ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.<br>(2) **വയർലെസ് സംവിധാനം :-** എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ വയർലെസ് സംവിധാനം പോലീസ് (ടെലികമ്മ്യൂണിക്കേഷൻ വിംഗ്) വകുപ്പുമായി ചേർന്ന് സമയബന്ധിതമായി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

(മറുപുറം)

(3) **എക്സൈസ് അക്കാദമിയുടെ നവീകരണം:-** എക്സൈസ് അക്കാദമിയുടെ നവീകരണം സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

(4) **എക്സൈസ് ചെക്ക് പോസ്റ്റുകളുടെ നവീകരണം:-** ചെക്ക് പോസ്റ്റുകളിൽ വാഹനപരിശോധന കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, ചെക്ക്പോസ്റ്റുകളിൽ CCTV സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു.

(5) **എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ** ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 100 മോട്ടോർ ബൈക്കുകൾ വാങ്ങുന്നതിനായുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. ഇതു കൂടാതെ, 19 പുതിയ ജീപ്പുകളും, ഒരു മിനി ബസും വാങ്ങുന്നകാര്യവും പരിഗണനയിലാണ്.

(6) **എക്സൈസ് ഫീൽഡ് യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ** മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ഓഫീസുകൾക്കും അവശ്യം വേണ്ട ഫർണിച്ചറുകൾ വാങ്ങുക, സ്വന്തമായി കെട്ടിടമുള്ള സ്ഥലങ്ങളിൽ, കുറഞ്ഞ ചെലവിൽ വാഹന ഷെഡ് നിർമ്മിക്കുക എന്നിവയുളായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, ഫീൽഡ് ഓഫീസുകൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ, ഫോട്ടോസ്റ്റാറ്റ് മെഷീനുകൾ, പ്രിന്ററുകൾ, സ്കാനറുകൾ എന്നിവ വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിനു വേണ്ടി, വകുപ്പിനാവശ്യമായ റെയ്ൻകോട്ട്, സിഗ്നൽ ലൈറ്റ് ബാറ്റൺ എന്നിവ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(7) **ഇ-ഗവേണൻസ്:-** എക്സൈസ് വകുപ്പിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതും, ഇ.സി.ആർ.ബി. സോഫ്റ്റ്വെയർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ആവശ്യങ്ങൾ പഠിക്കുന്നതിനും, സമഗ്രമായ ഒരു പ്രൊപ്പോസൽ നൽകി പ്രോജക്ട് ഏറ്റെടുത്ത് നടത്തുന്നതിനും ഐ.ടി മിഷൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(8) **എക്സൈസ് മേജർ ചെക്ക്പോസ്റ്റുകളിൽ** സ്കാനർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിശോധനയിലാണ്.

സെക്ഷൻ ഓഫീസർ